ബേബിയെ ചികിൽസയ്ക്കായി കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതു സംബന്ധിച്ച് രാമമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം 25/2001 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. 10 പ്രതികളെ 22-2-2001-ന് അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കി. മറ്റ് പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത നടപടി ത്വരിതപ്പെടുത്താൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 10 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(12) എസ്.സി/എസ്.ടി.ക്ക് ഭരണഘടനാപരമായ സംവരണാനുകൂല്യം ഉറപ്പാക്കണമെന്ന ആവശ്യം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, വളരെ പ്രധാനപ്പെട്ട ഗൗരവമേറിയ ഒരു പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ഭരണഘടനാപരമായി പ്രത്യേക പരിരക്ഷ മുൻ നിർത്തിയാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക സമുദായക്കാർക്കും ഉദ്യോഗ നിയമനങ്ങളിൽ ജാതി സംവരണം നൽകുന്നത് . ഉദ്യോഗ നിയമനങ്ങളിൽ ജാതി സംവരണം പാലിക്കുന്നത് ഭരണത്തിൽ പങ്കാളിത്തം ലഭിക്കുന്നതിനു വേണ്ടിയാണ്. തൊഴിൽ ലഭിക്കുകയെന്ന ഉദ്ദേശം മാത്രം ലക്ഷ്യം വച്ചുകൊണ്ടല്ല. ജാതി സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തിയത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യവും അവസരസമത്വവും ഉറപ്പാക്കാൻ വേണ്ടിയാണ്. 1951-ലെ തിരുവിതാംകൂർ-കൊച്ചി സർക്കാർ ഉത്തരവ് എസ് 215238/50/ സി.എസ്. തീയതി 17-9-1952 പ്രകാരം ആകെയുള്ള നിയമനങ്ങളുടെ 35 ശതമാനം ഈഴവ, മുസ്ലീം തുടങ്ങിയ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും 10 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഉപ സംവരണാടിസ്ഥാനത്തിലുള്ള ജാതി സംവരണം ഉറപ്പ് വരുത്തുന്നതിനുള്ളതായിരുന്നു. 27-7-1957-ലെ ജി. ഒ. നം: എസ് 2-41489/56 പി. ഡി. പ്രകാരം ഒ.ബി.സി.യുടെ ശതമാനം വർദ്ധിപ്പിച്ച് ഉപസംവരണം നിലനിർത്തിയപ്പോൾ പട്ടികജാതിക്കാരുടെ ഉപസംവരണം പുനഃസ്ഥാപിച്ചില്ല. അതിനാൽ പട്ടികജാതിക്കാരുടെ സാമൂഹ്യനീതിയും അവസര സമത്വവും ലഭ്യമാക്കാൻ നടപടിയുണ്ടാകുവാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിനുശേഷം ഉപജാതികൾ അടിസ്ഥാനമാക്കി പട്ടികജാതി- പട്ടികവർഗ്ഗ സംവരണ വ്യവസ്ഥ നിലവിലുണ്ടായിരുന്നില്ല. ഭരണഘടനയിലും ഇപ്രകാരമൊരു വ്യവസ്ഥയില്ല. എന്നാൽ ഇത്തരത്തിലൊരു വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള ശ്രമം അടുത്തകാലത്ത് ആന്ധ്രാപ്രദേശിൽ ഉണ്ടായിട്ടുള്ളതായി അറിയുന്നു. ഈ കാര്യത്തിൽ കിർത്താഡ്സ് നടത്തുന്ന പഠനറിപ്പോർട്ടും ആന്ധ്രാപ്രദേശിന്റെ അനുഭവങ്ങളും കണക്കിലെടുത്ത് വ്യക്തമായ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly